**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2900** **13-10-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ ഇലക്ട്രോ മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ ഇലക്ട്രോ മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ/ മെക്കാനിക്കൽ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഇലക്ട്രോ മെക്കാനിക്കൽ വിഭാഗം അരുവിക്കര, കൊല്ലം, സുൽത്താൻ ബത്തേരി എന്നീ ഡിവിഷനുകളിൽ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ 17.09.2021 തീയതിയിലെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ, ശുദ്ധീകരണ ശാലകൾ തുടങ്ങിയ പ്രതിഷ്ഠാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനും ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട് . ഈ ഉത്തരവ് പ്രകാരം 2022 ഡിസംബറോടു കൂടി എല്ലാ പ്രതിഷ്ഠാപനങ്ങളിലും എനർജി ഓഡിറ്റ് നടത്തുവാനും പ്രാദേശിക മായി ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരണം പൂർത്തിയാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക നേട്ടവും പ്രവർത്തന മികവും വിലയിരുത്തുന്ന തുടർ പ്രക്രിയ ഇതോടൊപ്പം നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം സാമ്പത്തിക നേട്ടവും പ്രവർത്തന മികവും നൽകുന്നതാണെന്ന വിലയിരുത്തൽ വകുപ്പിനുണ്ടോ; എങ്കിൽ കൂടുതൽ ജില്ലകളിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ/ മെക്കാനിക്കൽ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഇലക്ട്രോ മെക്കാനിക്കൽ വിഭാഗം അരുവിക്കര, കൊല്ലം, സുൽത്താൻ ബത്തേരി എന്നീ ഡിവിഷനുകളിൽ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ 17.09.2021 തീയതിയിലെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ, ശുദ്ധീകരണ ശാലകൾ തുടങ്ങിയ പ്രതിഷ്ഠാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനും ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട് . ഈ ഉത്തരവ് പ്രകാരം 2022 ഡിസംബറോടു കൂടി എല്ലാ പ്രതിഷ്ഠാപനങ്ങളിലും എനർജി ഓഡിറ്റ് നടത്തുവാനും പ്രാദേശിക മായി |

| | | | |
|---|---|---|---|
| | | | ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരണം പൂർത്തിയാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട് . സാമ്പത്തിക നേട്ടവും പ്രവർത്തന മികവും വിലയിരുത്തുന്ന തുടർ പ്രക്രിയ ഇതോടൊപ്പം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ